

# SAVIO.com

*Digital Magazine*



little KITEs

savio Higher Secondary School
Medical College PO, Kozhikode

# Our Patron:St.Fr.Chavara Kuriakose



# savio.com

Digital Magazine




## SAVIO HIGHER SECONDARY SCHOOL

*DEVAGIRI, KOZHIKODE*



Manager

Rev. Fr. Chacko Illiparambil CMI



Principal

Sr. Vimala Antony



Headmistress

Smt. Regina Joseph



PTA Presiden

Sri. Viswanathan E





# സന്ദേശം

ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ ഭാഗമായി കേരളത്തിൽ പൊതുവിദ്യാലയങ്ങളിൽ 8-ാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും തിരഞ്ഞെടുത്ത 'ലിറ്റിൽ കൈറ്റ്സ് ' ക്ലബ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നതിൽ വളരെ അഭിമാനം തോന്നുന്നു. കഴിഞ്ഞ വർഷം ആരംഭിച്ച പ്രസ്തുത ക്ലബ് IT @ school ന്റെ ഭാഗമായി നിരന്തരമായ പരിശീലന പരിപാടികളിൽ പങ്കാളികളായി വളരെ കുറഞ്ഞ കാലഘട്ടം കൊണ്ട് ഇങ്ങനെ ഒരു സംരംഭം അണിച്ചൊരുക്കാൻ സാധിച്ചത് അഭിനന്ദനാർഹമായ കാര്യമാണ്. നമ്മുടെ പൊതു വിദ്യാലയങ്ങൾ HI-TECH ആക്കി മികച്ച പഠനാനുഭവം ക്ലാസ് മുറികളിൽ സജ്ജീകരിക്കുന്നതിന് നിരന്തരം ശ്രദ്ധ പതിപ്പിക്കുന്ന കേരള ഗവൺമെന്റിലേയും IT @ school നെയും ഈ അവസരത്തിൽ നന്ദി പൂർവ്വം ഓർക്കുന്നു. നമ്മുടെ വിദ്യാഭ്യാസ വകുപ്പ് വിഭാവനം ചെയ്ത ഈ നൂതന സംരംഭം നമ്മുടെ കുട്ടിക്ക് മികച്ച അവസരങ്ങൾ നൽകി ആത്മവിശ്വാസവും മികവുറ്റതുമായ ഒരു തലമുറയെ വാർത്തെടുക്കുവാൻ സാധിക്കുമെന്നതിൽ സംശയമില്ല. ഇതിന് നേതൃത്വം നല്കുന്ന അദ്ധ്യാപകരായ സിസ്റ്റർ .ഡെയ്സിനും, ശ്രീ.സാജു ജോസഫ് സാറിനും ഇതിനു വേണ്ട സൃഷ്ടികൾ ഒരുക്കി തരുന്ന എല്ലാ വിദ്യാർത്ഥികൾക്കും എല്ലാ വിജയാശംസകളും നേരുന്നു.

ആശംസകളോടെ,<br>
റെജീന ജോസഫ്<br>
ഹെഡ്മിസ്ട്രസ്സ്



## സന്ദേശം

സാവിയോ ഹയർസെക്കന്ററി സ്കൂൾ കുട്ടികൾക്കിടയിൽ ലിറ്റിൽകൈറ്റ്സ് നേതൃത്വത്തിൽ ഡിജിറ്റൽ കംമ്പ്യൂട്ടർ മാഗസിൻ ഇറക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു.പഠന നിലവാരത്തിൽ ഉയർന്നു നിൽക്കാൻ കഴിയുന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു

വിശ്വനാഥൻ ഇ

പി.ടി.എ പ്രസിഡന്റ്

## എഡിറ്റോറിയൽ

സാവിയോ സ്കൂൾ little kites ന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ ഈ digital magazine ന് എല്ലാവിധഭാവുകങ്ങളും ആദ്യമായി നേരുന്നു. Hightech school പദ്ധതിയുടെ ഭാഗമായി Kerala Govt. It@school മായി ചേർന്ന് സ്കൂളുകളിൽ little kites പ്രവർത്തിച്ച വരുന്നു. കുട്ടികളിൽ അന്തർലീനമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക എന്നതു തന്നെയാണ് ഈ little kites പദ്ധതിയുടെ ഉദ്ദേശ്യം. മലയാളം ടൈപ്പിംഗ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,Internet,animation,Robotics തുടങ്ങിയ വിഷയങ്ങളിൽ അഗ്രഗണ്യന്മാരായ വിദ്ധ്യാർത്ഥികളെ വാർത്തെടുക്കുയാണെന്നതും ഇതിന്റെ ഭാഗമാണ്. Hightech വിദ്ധ്യാർത്ഥികളുടെ കഴിവുകൾ മറ്റുള്ളവരിലേയ്ക്ക് എത്തിക്കുവാനുള്ള ഒരു ഉപാധികൂടിയാണ് ഈ മാഗസിൻ നിർമ്മാണ പ്രവർത്തനം. കമ്പ്യൂട്ടറിലെ വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുവാൻ ഒരവസരം കൂടിയാണിത്.

എഡിറ്റർ
സാജു ജോസഫ്

## എഡിറ്റോറിയൽ ബോർഡ്


ഹെഡ്മിസ്ട്രസ് :ശ്രീമതി .റെജീന ജോസഫ്

ഡെപ്യൂട്ടി എച്ച് .എം. : ശ്രീ.ടോജൻ തോമസ്

ചീഫ് എഡിറ്റർ :സിസ്റ്റർ ഡെയ്സി മാത്യു

അസോസിയേറ്റ് എഡിറ്റർ :ശ്രീ.സാജു ജോസഫ്

സ്റ്റാഫ് സെക്രട്ടറി :ശ്രീ.ജോയി പി എസ്

സബ് എഡിറ്റർമാർ :മാസ്റ്റർ അഭിനവ് കെ പി

:മാസ്റ്റർ ഷാരോൺ രാജേഷ്

:മാസ്റ്റർമാനസ് നന്ദ എം എം

:ആകാശ് എം

## Little Kites 2018-19



## Editorial Board



# താളുകളിലൂടെ ....................


| | |
|---|---|
| കാത്തിരിപ്പ് | 11 |
| ലിറ്റിൽ കൈറ്റ്സ് | 12 |
| അടുത്ത മിഴിനീരിനായൊരു കാത്തിരിപ്പ് | 15 |
| വിജ്ഞാന കൗതുകം | 16 |
| കമ്പ്യൂട്ടർ | 17 |
| മോഹം | 18 |
| The Importance of Information Technology in Education | 19 |
| നനവൂറും ഓർമകൾ ഒടുവിൽ | 21 |
| Computer programmer | 25 |
| മൊബൈൽ ഫോൺ കേരളത്തിൽ | 26 |
| മഴതൻ മൗനം | 27 |
| സൈബർ സുരക്ഷ | 28 |

Internet Inventors 29

കർണ്ണാടകയിലേയ്ക്കുള്ള എന്റെ ആദ്യത്തെ യാത്ര 30

പ്രോജക്ട് റിപ്പോർട്ട് 32

നവകേരളം സൃഷ്ടിക്കാം 37

കുറുക്കനെ പറ്റിയ പറ്റ് 39

Importance of communicative competence 40

Littles കുട്ടികളുടെ ബാഡ്ജ് വിതരണം 41

നന്ദിയുടെ ഒരു വാക്ക് 42

# കാത്തിരിപ്പ്

പൂജ മുരളി 10E,

**പെ**യ്യാനൊരുങ്ങി കാർമേഘങ്ങൾ. ഭൂമിയെ വിറപ്പിച്ച് ഇടയ്ക്കിടെ മിന്നലും. ഇതൊക്കെ പണ്ടേ അവൾക്കു പേടിയാണ്. കനത്ത മഴയിൽ അച്ഛന്റെയും അമ്മയുടെയും അടുത്ത് ഇരിക്കുന്നത് അവൾക്കൊരാശ്വാസമായിരുന്നു. ഇപ്പോൾ ആരുമില്ല. അച്ഛനും അമ്മയും വീട്ടിൽ നിന്നു പോയിട്ട് മൂന്നു ദിവസമായി. അമ്മ ആശുപത്രിയിലാണ്. നിപ്പ വൈറസാണ് ബാധിച്ചിരിക്കുന്നതെന്ന് ചെറിയമ്മ പറഞ്ഞു. അമ്മയ്ക്കു പകരം വീട്ടുകാര്യങ്ങൾ നോക്കുന്നത് ചെറിയമ്മയാണ്. അമ്മയുടെ സാന്നിധ്യമില്ലാത്ത ആ വീട് അനുവിനെ ഏറെ വീർപ്പുമുട്ടിക്കുന്നുണ്ട്. വാചാലയായിരുന്ന അവൾ പിന്നീടങ്ങോട്ട് മൗനിയായി. വീടിന്റെ മുറ്റത്ത് തലയുയർത്തി നിൽക്കുന്ന ഞാവൽ മരത്തിനടുത്തേക്ക് അവൾ നടന്നു. കുറച്ചു നേരം മരത്തണലിലിരുന്ന ശേഷം അനു മതിലരികത്തു ചെന്നു വഴിയോരത്തേക്ക് നോക്കി, വഴിയിലൂടെ നടക്കുന്നവരെല്ലാം മുഖം മൂടിയണിഞ്ഞവരായിരുന്നു. ചിലർ അവളെ നിസ്സഹായതയോടും ഭയത്തോടെയും നോക്കുന്നതവൾ കണ്ടു. തന്റെ കുടുംബത്തെ എല്ലാവരും ഒറ്റപ്പെടുത്തുന്നതായി അവൾക്കു തോന്നി. കണ്ണുനീർ ഒരു ചാലായി അവളുടെ കവിളിലൂടെ പാഞ്ഞു. കോലായിലെ ചാരുപടിയിലിരുന്ന് അമ്മയുടെ വരവിനുള്ള അവളുടെ കാത്തിരിപ്പു നീളുകയാണ്. നിശബ്ദത തളം കെട്ടി നിൽക്കുന്ന ആ വീട്ടിൽ അമ്മ എത്തുന്നതോടെ വീണ്ടും കളിചിരിയും സന്തോഷവും നിറയുന്ന ദിവസത്തിനായുള്ള കാത്തിരിപ്പ്...

# <u>ലിറ്റിൽ കൈറ്റ്സ്</u>

ഫെമിന വി **8B**

പണ്ടുള്ള ജനതയ്ക്ക്

വിനിമയം ചെയ്യാനായ്

മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്ത കാലം

വിവരങ്ങൾ അറിയിക്കാൻ  ബന്ധം

പുലർത്തുവാൻ തപാൽ

തന്നെ ആശ്രയം കാൽനടയും

സന്ദേശവാഹകനായ് പോസ്റ്റ്മാൻ

മാത്രമുണ്ടായിരുന്നോരാപ്പോയ കാലം

നാഴിക ദൂരെ നടന്നു പോയ് കത്തുകൾ

പോസ്റ്റ് ചെയ്തുവന്ന കഷ്ടകാലം

സന്ദേശങ്ങൾ പങ്കുവയ്ക്കുവാനാകാതെ

ബുദ്ധിമുട്ടുന്നൊരാ കാലത്തിലേയ്ക്കായ്

ചാൾസ് ബാബേജ് തന്റെ അറിവിന്റെ

വിസ്മയം നെടുകയിലായി തുറന്നു വച്ചു

കമ്പ്യൂറെന്ന പേരിൽ പ്രശസ്തി

യാർജിച്ച മറ്റൊരു ലോകാത്ഭുതം

കമ്പ്യൂട്ടറെന്ന മഹാത്ഭുതം നമ്മുടെ

രിതികളെല്ലാം മറിച്ചു വച്ചു.

നാഴിക നടന്നുപോയയച്ച വിവരങ്ങൾ

ഒന്നു വിരലമർത്തിയാലെത്തുകയായ്

വാക്കുകളിൽ മാത്രം കണ്ട ചങ്ങാതിയെ

വീഡിയോയിലൂടെ കണ്ടെടുത്തു

അറിവിന്റെ ലോകത്തെത്തി നെറ്റു

വഴി കൂടുതൽ വിവരങ്ങൾ കാണുകയായ്

വിദ്ധ്യാർഥികളേ നിങ്ങൾക്കുമാവശ്യം

ബുദ്ധിമാനായോരി കൂട്ടുകാരനെ

കമ്പ്യൂട്ടറിനെ അടുത്തറിയാൻ വരൂ

ലിറ്റീൽ കൈറ്റ്സീൽ അംഗമാകൂ

കുട്ടികൾ തന്നുടെ കൂട്ടായ്മയാണിത്

കമ്പ്യൂട്ടറിന്റെ കുടുംബമിത്

ലോകവിവരങ്ങൾ അറിയാം നമുക്കിനി

കമ്പ്യൂട്ടറിനൊപ്പം പങ്കുചേരാം

മോണിറ്റർ,സിപിയു,കീബോർഡ്

പോലുള്ള അവയവങ്ങൾക്കോ ഇത്ര ശക്തി

ഇത്രയും അറിവുള്ള ഇത്രയും കഴിവുള്ള

കമ്പ്യൂട്ടറോ ലോകം കീഴടക്കി.


Devika - 8D

# അടുത്ത മിഴിനീരിനായൊരു കാത്തിരിപ്പ്

ഷഹാനബീഗം 10 C

അന്ന് എന്റെ കൊച്ചു ഗ്രാമം. പച്ചപരവതാനിയിൽ മുങ്ങിക്കുളിച്ചിരുന്നു. മഹാ സാഗരം പച്ച നിറത്തിൽ കാണുന്നതു പോലെ നെൽപാടങ്ങൾ അങ്ങ് ദൂരെ വരെ നീണ്ടുകിടന്നു. പച്ചപ്പിനെ മുറിച്ചുകൊണ്ട് ഒരു കൊച്ചരുവി അവയ്ക്കിടയിലൂടെ ചെറിയൊരു മൂളലോടെ ഒഴുകിക്കൊണ്ടിരുന്നു. ഉച്ചസൂര്യന്റെ പ്രകാശസാന്നിദ്ധ്യമറിയിച്ച് അരുവിയുടെ മൂളലിന് താളമിട്ടുകൊണ്ട് , ആഹ്ലാദത്തോടെ തുള്ളിക്കളിച്ച്,നീന്തിതുടിക്കുന്ന മുറിവാൽ മീനുകൾ ചെറിയ വലകളുമായി മീനുകളെ പിടിക്കാൻ നിശബ്ദരായി നിൽക്കുന്ന കുഞ്ഞുക്കുരുന്നുങ്ങൾ ,എല്ലാം കണ്ടും ആസ്വദിച്ചും ഞാനാവയൽ വരമ്പിൽ ഇരുന്നു.

സൂര്യകിരണങ്ങളേറ്റ് സൗമ്യതിളക്കവുമായി മിന്നി നിൽക്കുന്ന ഓരോരോവസ്തുവിന്റെയും തിളക്കം മറയ്ക്കാനായി, ആകാശത്തിൽ പൊടുന്നനെ പഞ്ഞിക്കെട്ടുപോലുള്ള കറുമ്പൻ മേഘങ്ങൾ പറന്നെത്തി. സൂര്യൻ മറഞ്ഞും ഇരുൾ പറന്നും തുടങ്ങി, പക്ഷികൾ കൂടണഞ്ഞും ഞാനടക്കമുള്ള കുട്ടികൾ വയൽ വരമ്പിലൂടെ തഴുകുന്ന കാറ്റിനെ തട്ടി മാറ്റി വീടുകളിൽ ഓടിക്കയറാൻ തുടങ്ങി . മേഘങ്ങൾ കണ്ണീർ പൊഴിക്കാൻ പൂർണ്ണമായും തയ്യാറെടുത്തു കഴിഞ്ഞു. ആദ്യ മിഴി നീർ എന്റെ കരങ്ങളെ സ്പർശിച്ചു. എനിയ്ക്ക് വല്ലാത്തൊരു കുളിർമ തോന്നി. കാർമേഘത്തിൻ മിഴിനീർ , വെളുമ്പൻ മുത്തുകളായി ഭൂമിയെ തഴുകി.

നീണ്ടുനിവർന്നു ഗാഭീര്യത്തോടെ നിൽക്കുന്ന നേന്ത്രവാഴക്കുലകളിലൂടെ മഴത്തുള്ളികൾ ഇറ്റിറ്റു വീണു. കുറച്ചു നേരത്തെ നീണ്ടുനിൽപ്പോടെ മേഘങ്ങൾ കരച്ചിൽ നിറുത്തി. പച്ചിലകളിലൂടെ തുള്ളികൾ ഓരോന്നോരോന്നായ് ഇറ്റിറ്റു വീണുകൊണ്ടിരുന്നു. ആകെ ഗ്രാമം മുഴുവൻ നിശബ്ദതയിലാണ്ടു.എല്ലാവരും നിശബ്ദതയിൽ മുങ്ങി കുളിർമ ആസ്വദിച്ച് കാത്തിരുന്നു. അടുത്ത മിഴിനീരിനായുള്ള കാത്തിരിപ്പെന്ന പോലെ.........

# വിജ്ഞാന കൗതുകം

1. നാവികസേന ദക്ഷിണ മേഖല മേധാവിയുടെ പേര് ?

**ഉ:** അനിൽ കുമാർ ചാവ്‌ല

2. ലോക ബാഡ്മിൻ റൺ ചാമ്പ്യൻഷിപ്പിൽ ഫാനലിൽ എത്തിയ ഇന്ത്യാക്കാരി ?

**ഉ:** പി.വി.സിന്ധു

3. ലോകജലദിനം ?

**ഉ:** മാർച്ച് 22

4. ബൾബുകളുടെ ഫിലമെന്റ് നിർമ്മിക്കാനുപയോഗിക്കുന്ന ലോഹം ?

**ഉ:** ടങ്സ്റ്റൺ

5. ഹിന്ദി ലിപി ഉണ്ടാക്കിയിരിക്കുന്നത് ഏത് ലിപിയിൽ നിന്നാണ് ?

**ഉ:** ദേവനാഗരി

6. കേന്ദ്ര ആഭ്യന്തരമന്ത്രി ?

**ഉ:** രാജ്നാഥ് സിംഗ്

7. കേരളാപോലീസ് അക്കാദമി ഡയറക്ടർ ?

**ഉ:** എ.ഡി.ജി.പി. ബി.സിന്ധു

8. BSNL എന്റെ പൂർണ്ണരൂപം ?

**ഉ:** Bharath Sajar Nigam Limited

9. ഇന്ത്യയുടെ ദേശീയ കലണ്ടർ ഏത് ?

**ഉ:** ശകവർഷ കലണ്ടർ

10. കേരളത്തിൽ എത്ര ലോകസഭാമണ്ടലങ്ങൾ ഉണ്ട് ?

**ഉ:** 20

# കമ്പ്യൂട്ടർ

അജയ് നാഥ് 9A

വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിക്കച്ചെടുക്കുവാനും വേണ്ടിയുള്ള ഒരു ഇലക്ട്രോണിക് ഉപകരണമാണ് കമ്പ്യൂട്ടർ. കമ്പ്യൂട്ടർ എന്ന പദം ലാറ്റിൻ ഭാഷയിൽ നിന്നാണ് ഉത്ഭവിച്ചത്. കമ്പ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നത് ചാൾസ് ബാബേജാണ്. 1882 ൽ ചാൾസ് ബാബേജ് ഡിഫ്രൻസ് എഞ്ചിൻ നിർമിച്ചു. കമ്പ്യൂട്ടറിന്റെ പരമപ്രധാനമായ ഭാഗമാണ് CPU. കമ്പ്യൂട്ടർ ഘടകങ്ങളെ ഹാർഡ് വെയർ എന്നും സോഫ്റ്റ് വെയർ എന്നും തരംതിരിക്കാം. കമ്പ്യൂട്ടറിൽ ജോലികൾ ചെയ്തുതീർക്കാനാവശ്യ മായ കമ്പ്യൂട്ടർ പ്രോഗ്രാമുകളുടെ കൂട്ടത്തെ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ എന്നു പറയുന്നു. കാണാനും തൊട്ടുനോക്കാനും പറ്റുന്ന കമ്പ്യൂട്ടറിന്റെ ഭാഗങ്ങളെയാണ് ഹാർഡ് വെയർ എന്നു പറയുന്നത്. കമ്പ്യൂട്ടർ സയൻസിന്റെ പിതാവ് എന്നറിയപ്പെടുന്നത് അലൻ ട്യൂറിങ്ങാണ്. കമ്പ്യൂട്ടറിന്റെ തലച്ചോറ് എന്നറിയപ്പെടുന്നത് CPU ആണ്.

# മോഹം

ഫെമിന വി 8B

ഒരു നാളും തീരില്ല
പ്രകൃതിയോടെൻ മോഹം
പ്രകൃതിയാലെ അതു തീർക്കാനാവൂ
ഉള്ളിൽ വച്ചുള്ളോരിയാഗ്രഹങ്ങൾ
എന്നു സാധിക്കും പ്രകൃ തി മാതേ
മരങ്ങളോടൊന്നു സംവദിച്ചിടേണം
പുൽ നാമ്പുകൾക്കൊപ്പം ആടിടേണം
മേഘങ്ങൾക്കൊപ്പം  നീന്തിടേണം
കൊച്ചു തുമ്പിയോടൊന്നു തുള്ളിടേണം
കാനന വീഥിയിൽ വാഴും മൃഗങ്ങളോ
ടൊത്തു കളിച്ചുല്ലസിച്ചിടേണം
പക്ഷികൾക്കൊപ്പം പറക്കണം
കുഞ്ഞു താരങ്ങളേയും ഒന്നു കണ്ടിടേണം
നീർച്ചാലിനൊപ്പം ഒഴുക്കിടേണം
പുഴയോരത്തെ മൺതരിയായിടേണം
മണ്ണിൻ രുചിയൊന്നറിഞ്ഞിടേണം
ഇളം കാറ്റിന്റെ മുഖമൊന്നു കണ്ടിടേണം
സൂര്യനൊപ്പമൊന്നുദിച്ചിടേണം
നിലാ ചന്ദ്രനെപ്പോലൊന്നു
ശോഭിക്കണം
വനമാലയെയൊന്നു ദർശിക്കേണം
പ്രകൃതിയൊടൊത്തൊന്നു ജീവിക്കേണം
മിന്നലിനോടൊത്തു മിന്നിടേണം
മഴവില്ലിൻ നിറങ്ങളിൽ
തെന്നിടേണം
മഴയോടൊത്തൊന്നു പെയ്തിടേണം
കാറ്റിനോടൊത്തൊന്നു പെയ്തിടേണം
തീരില്ല മോഹങ്ങൾ  പ്രകൃതി തീരും വരെ
തീർത്തു തരേണമെ പ്രകൃതിയമ്മേ
തീരില്ല മോഹങ്ങൾ പ്രകൃതി
തീരും  വരെ തീർത്തുതരേണമെ
പ്രകൃതിയമ്മേ


# The Importance of Information Technology in Education

Adwaidh P.V. 9A

The world of education is changing as the modern world continues to grow. With so much progress happening, its important that education be able to reach students in new ways so that their students are prepared for the future.

The students of today are the leaders, inventors, teachers, and businessmen (and women) of tomorrow. Without the proper skills, these go to school. Now, most schools offer online classes that can be accessed on computers or laptops, tablets, and even mobile phones. Information Technology is helping to prevent more high school and college dropouts students will not have the preparation needed to survive.

Information Technology plays a key role in students being able to keep their jobs and as well.


Aswathi N M - 6A

# നനവൂറും ഓർമകൾ ഒടുവിൽ

Arisha quanza 10-E

എത്ര പെട്ടന്നാണ് മഴ പെയ്തത്.പണ്ടൊക്കെ കൗതുകമായിരുന്നു...ഇന്നേതോ അകുലതകൾ പോലെ. ഇരുണ്ട മാനം കാണുമ്പോൾ തന്നെ പലതായി ഉള്ളിൽ തിങ്ങിനിറയുന്നത്.മഴയ്ക്ക് മണ്ണിൽ മാത്രമല്ല മനസ്സിലും പെയ്യാൻ അറിയാം എന്നു പഠിച്ചതും അന്നുതന്നെയാണ്.

ഇരുണ്ട മേഘത്തെ ആസ്വദിച്ച നിൽക്കാതെ അവൾ റൂമിൽ പോയി കിടന്നു. നാളെയാണ്, മുതലാണ് ഇനിയൊരു പുതിയ ജീവിതം താൻ പ്രതീക്ഷിക്കുന്നു. നാളെ തുടങ്ങുന്ന വിദ്യാലയമണ്ണിന്റെ ഓർമ്മകൾ കാത്തുകൊണ്ട് അവൾ ഉറങ്ങി.

കുഞ്ഞൂ...കുഞ്ഞു... അച്ഛന്റെ വാത്സല്യം വിടാത്ത ശബ്ദം കേട്ടവൾ ഉണർന്നു.ഇന്നാണ് താൻ ഏറെ കാലമായി ഉള്ളിൽ കൊണ്ടു നടന്നദിനം. ഇന്നുമുതൽ താൻ വിദ്യാലയത്തിൽ പോകും.ഒന്നാം ക്ലാസ്സിലേക്കല്ല,എട്ടാം ക്ലാസ്സിലേക്ക്. പഠനം വീട്ടിൽ വെച്ചാക്കിയതിന്റെ കാരണം അച്ചമ്മയായിരുന്നു. പെൺകുട്ടികൾ സ്കൂളുകളിൽ പോയാൽ വഴിതെറ്റുമത്രേ.അങ്ങനെയങ്ങനെ ഇക്കാലമത്രെയും വീട്ടിൽ നിന്നായി. പരിഭവമൊന്നുമില്ല. എട്ടാതരം എത്തിയാൽ വിദ്യാലയത്തിൽ പോയി തുടങ്ങാം എന്ന് അച്ഛൻ വാക്കുതന്നതാണ്. ആ വാക്കുതന്നെയാണ് ഇക്കാലമത്രയും ബലമായത്. സ്കൂൾ ജീവിതം പലയിടത്തും കേട്ടതാണ്. ഇനി....ചായക്കപ്പിന്റെ ചൂട് സ്പർശിച്ചപ്പോഴാണ് ഓർമ്മയിൽ നിന്ന് ഉണർന്നത്.

ആദ്യ ദിനം അച്ഛന്റെ കൂടെ ഇരുന്നു. സ്കൂളും പരിസരവും എല്ലാം വിശദമാക്കി. കിനാവു കളിലെയത്ര ഭംഗിയുള്ള സ്കൂളല്ല; അത്ര അച്ചടക്കമുള്ള കുട്ടികളുമല്ല.........

ക്ലാസിൽ ടീച്ചർ വന്നു.കണക്കാണ് ടീച്ചറുടെ വിഷയം കൈയ്യിൽ ചൂരലുണ്ട്,വട്ടക്കണ്ണടയൊക്കെ വച്ച് ഒരു ദേഷ്യം തളംകെട്ടി നിൽക്കുന്ന പ്രകൃതം. ഞാൻ കരുതി ഇതൊക്കെ അധ്യാപകന്റെ സവിശേഷതകളായിരിക്കുമെന്ന്. എച്ചുച്ചത്തിലാണ് സംസാരം ഇങ്ങനെയൊക്കെ ആർക്കെങ്കിലും പഠിക്കാൻ പറ്റുമോ? പിന്നീടുള്ള നാളുകളിൽ പ്രിയമായിരുന്ന കണക്ക് എന്നിൽ നിന്ന് ഏറെയേറെ അകലാൻ തുടങ്ങി.

ഇന്ന് വെള്ളിയാണ്.നേരത്തെ ചെല്ലണം.പറമ്പിലൂടെ കയറി,പാടമുറ്റത്തെത്തി ഓടി നെല്ല് പുരയ്ക്ക് സമീപമുള്ള ക്ഷേത്രത്തിന്റെ പിൻ വഴിയിലൂടെ ഓടി ആൽത്തറയിരുന്നു.ഇത് പതിവുള്ളതാണ്. ഇന്ന് നേരമില്ലങ്കിലും പതിവുതെറ്റിക്കാൻ വയ്യ. കുന്നിന്റെ ചരിവിലാണ് സ്കൂൾ,അതുകൊണ്ട്തന്നെ ഒറ്റയ്ക്ക് ആടിപ്പാടി ,കാഴ്ചകൾ കണ്ട് ,പൂക്കളോടൊന്നു മിണ്ടി വൈകിയെത്തുന്നതായിരുന്നു ആകെയുള്ള രസം. സ്കൂളിലെത്തിയാൽ 60 കുട്ടികൾക്കിടയിൽ ഏകനായ് ഞാൻ.

ആയിടയ്ക്കാണ് അത് സംഭവിച്ചത്. കണക്കുടീച്ചർ ബസ്സിൽനിന്നുവീണ് എന്തൊക്കെയോ പരിക്കുപറ്റി.പാടില്ലെന്നറിഞ്ഞിട്ടും ഉള്ളാലൊരു സന്തോഷം തോന്നി.മലയാളം ടീച്ചർ പറഞ്ഞു:ഇനി രണ്ടു ദിവസത്തേക്ക് ഗണിതത്തിനാരും വരില്ല.കുട്ടികളൊക്കെ അതു കേട്ട് പരസ്പരം എന്തൊക്കെയോ പറയാൻ തുടങ്ങി.ഞാനെന്റെ പെൻസിലെടുത്തു. അച്ഛന്റെ കഥകളിൽ ഓർമകളെ നനയിപ്പിക്കുന്ന ഞാൻ കാണാത്ത, ഞാൻ അറിയാത്ത എന്റെ അമ്മയെ കോറിയിടാൻ തുടങ്ങി. വല്ലാണ്ട് വിഷമം വരുമ്പോഴോ, ഒറ്റയ്ക്കായെന്ന് തോന്നുമ്പോഴോ ഒക്കെ ഇങ്ങനെയാണ്. എത്രയോ കാലങ്ങളായി വരയ്ക്കാൻ തുടങ്ങിയിട്ട്. പക്ഷേ, തീരുന്നില്ല. അനുഭവിച്ചറിയാത്ത മാതൃത്വം അച്ഛന്റെ കഥകൾ എനിക്കായ് നൽകിയിട്ടുണ്ട്.ഇന്ന് രാവിലെ കണക്കാണ്.പുതിയ ടീച്ചർ വരുമെന്ന് ആരൊക്കെയോ പറഞ്ഞു കേട്ടിരുന്നു. “സംഗീത ടീച്ചർ”. പേരുപോലെ നന്നായി പാട്ടുപാടും. ആദ്യമായ് കണ്ടപ്പോഴെന്തോ ഉള്ളിലൊരു മിന്നൽനാളം. ആർക്കും ഇഷ്ടം തോന്നുന്ന പ്രകൃതം.എന്തു നല്ല ചിരിയാണ്! എന്റെ അമ്മയെപ്പോലെ. അച്ഛനെപ്പോഴും പറയും "അമ്മയെപ്പോഴും ചിരിച്ചോണ്ടാ".ആദ്യമായി ടീച്ചർ പാട്ടുപാടി.പിന്നെ ഓരോരോ കഥകളും കാര്യങ്ങളും പറഞ്ഞു.ഞാനതൊന്നും കേൾക്കുന്നില്ലായിരുന്നു.ചിരിമായാത്ത മുഖവും സ്നേഹമൂതിരുന്ന ആ പാട്ടും മാത്രം വീണ്ടും അലയായ് ഉള്ളിൽ വീണ്ടും വീണ്ടും തറച്ചുകൊണ്ടിരുന്നു. ആ മുടയിഴകൾക്കും പെരുമാറ്റങ്ങൾക്കുമൊക്കെ ഒരു പുതുമയുണ്ട്. അച്ഛന്റെ കഥകളിൽ തിളങ്ങിയ എന്റെമ്മയുടേത് പോലെ. രാത്രി ഉറങ്ങുമ്പോഴും ഉണർ ന്നപ്പോഴും എല്ലാം ഉള്ളിൽ ടീച്ചർ മാത്രമായിരുന്നു. ഇന്നാൽത്തറയിലിരിക്കാനൊന്നും നേരമില്ല.വേഗം സ്കൂളിൽ എത്തണം.ടീച്ചറെ കാണണം.സ്കൂളിലെത്തി ബെല്ലുമടിച്ചു. ടീച്ചർ വന്നില്ല. ഞാൻ ആകെഞാനെന്റെ പഴയ പെൻസിലും ബുക്കുമെടുത്തു. ആ നീണ്ടമുടിയിഴകൾ ഒന്ന് കുടിക്കുറുപ്പിച്ച് കുറച്ച് കൂടി സൗന്ദര്യം കൂട്ടി. അച്ഛൻ പറയുമായിരുന്നു. ഒരിക്കലും നരബാധിക്കാത്ത മനസ്സാണ് അമ്മയുടേത് എന്ന്. ഒരു ടീച്ചറെ കാണാത്തതിൽ മാത്രം ജീവിതം മടുത്തപോലെ അച്ഛന്റ്റെ ഇന്നത്തെ കഥകളിൽ അമ്മയായ് ഞാൻ കണ്ടതത്രയും എന്റെ സംഗീതടീച്ചറെയായിരുന്നു. ടീച്ചർക്കൊന്നും പറ്റരുതേയെന്ന് ഉള്ളാലെ മനമുരുകി പ്രർത്ഥിച്ചു. പൂർണ്ണമാകാത്ത എന്റെ അമ്മയുടെ മുഖത്ത് ടീച്ചറുടേത് പോലെ ഒരുഛായ.....നിരാശയോടെ വീട്ടിലേക്ക് നടന്നകലുമ്പോൾ ആലിൻ ചുവട്ടിൽ ഒന്നിരിക്കാമെന്ന് കരുതി. ഒത്തിരി നേരം ഇരുന്നു. അച്ഛൻ സമ്മാനിച്ച അമ്മയുടെ തുവലയിൽ ഇന്നും ഒരാലില ഒളിപ്പിച്ചു. ഇതുപതിവുള്ളതാണ്.`അച്ഛനോടിന്ന് പറയണം. ഇന്നലെ പറയാൻ തുടങ്ങിയതാണ്. തുവാല തിരിച്ച് ഡയറി യിൽ വെയ്ക്കാൻ നേരം എന്തോ തടഞ്ഞു. നാളെ,നാളെ എന്റമ്മയുടേ പിറന്നാളാണ്. അച്ഛനോർത്തിട്ടുണ്ടാവുമോ ആവോ? നാളത്തേയ്ക്ക് അമ്മയ്ക്കൊരു ക്കിയ ഉപഹാരം ഇനിയും തീർന്നിരുന്നില്ല.

തേയിലത്തോട്ടങ്ങൾക്കിടയിൽ പണിയെടുക്കുന്ന അമ്മയ്ക്ക് ഒരു വർണ്ണതൊപ്പിയല്ലാതെ എന്താണെനിക്ക് നൽകാനാവുക. പക്ഷെ തൊപ്പി ഉന്നി തീർന്നിട്ടില്ല. അമ്മ പിണങ്ങും.അത് ഓർക്കാൻ വയ്യ. അവൾ വേഗം വീട്ടിലെത്തി ഉന്നൽ തുടർന്നു. ആഹാരം കഴിക്കാൻ നേരമില്ല. നല്ല ദാഹമുണ്ട് പക്ഷേ വേണ്ട, എല്ലാം സഹിക്കണം, തരണം ചെയ്യണം. ഉന്നി ചേർത്ത് സമയം പോയതറിഞ്ഞില്ല. രണ്ട് നൂലുകൾ എത്ര അടുപ്പിച്ച് ഉന്നിയാലും ചെറിയൊരു അകലം. എന്തോ പൊരുത്തമില്ലാ അവൾ അകന്നു നിൽക്കയാകണം. ക്ലോക്കിൽ രാത്രിമണി മുഴങ്ങി. അപ്പോളാണ വളറി യുന്നത്. അച്ഛനെന്തേ. അച്ഛനേയും കാണുന്നില്ല. ഇരുട്ടിലേക്ക് മെല്ലെയിറങ്ങി. പേടിയൊ ക്കെയാണ് പക്ഷേ, അച്ഛനിലൂടെ അമ്മതന്ന ബലമുണ്ട്.

നേരം പുലർന്നു. അച്ഛനെ കാണാനില്ല. പുലർച്ച മഞ്ഞുപാളികൾ ഒരു കാൽപെരുമാറ്റം കേട്ടു. നനഞ്ഞ കണ്ണുകളോടെ അച്ഛൻ പറഞ്ഞു."ഓർമകളൊന്ന് അയവിറക്കാൻ ഞാൻ ഇന്നലെ രാത്രി അമ്മയ്ക്ക് കൂട്ടിരുന്നതായിരുന്നു. മോളെ......അച്ഛന് അമ്മയുടെ അടുത്തെത്താൻ വല്ലാണ്ട് മോഹിക്കണ്ട" എന്റെ കുട്ടിക്കൊന്നും തോന്നണ്ടാട്ടോ.... നല്ലോണം പ്രർത്ഥിച്ചോ...ന്റെമോള്.

അവൾക്ക് വല്ലായ്മ തോന്നി. അച്ഛനെന്താ....ഇങ്ങനെയൊക്കെ പറയണത്.

ഇന്ന് സംഗീത ടീച്ചറുടെ പിറന്നാളാണ്. ടീച്ചറുടെ വക എല്ലാർക്കും മിഠായിയുണ്ട്. രാധ പറഞ്ഞു. ആകെയൊന്ന് മിണ്ടുന്നെങ്കിൽ അവൾ മാത്രമാണ്. ഇന്ന് നേരെത്തെവരാൻ അവൾ സംഗീത ടീച്ചറുടെയടുത്ത് പോയി കാര്യം പറഞ്ഞു. ടീച്ചർ ചോദിച്ചു: "ആട്ടെ എന്റെ മോൾക്ക് ഇന്നെന്താ വിശേഷം"? അവൾ പറഞ്ഞു: "എനിക്കും അച്ഛനും ഇന്നൊന്ന് അമ്മയെ കാണണം. പിന്നെ"..."പിന്നെ"? "പിന്നെ മുളകോവിൽ പോകണം" എന്റെ അമ്മയ്ക്കൊത്തിരി ഇഷ്ടാ അവിടെ. ഒടുവിൽ അമ്മ ഇല്ലാതായതും അവിടെ വച്ചുതന്നെയാ....ഓർമ്മകളുടെ നനഞ്ഞ കുമ്പാരം അവളുടെ കണ്ണിലൂടെ ഒലിച്ചിറങ്ങി.

ഓർമ്മകൾക്ക് തണൽ സംഗീതമാണ്. മുൾപ്പടർപ്പുകൾ മാറ്റി,അച്ഛന്റെ കൈപ്പിടിച്ച് അവൾ കുന്നുകയറി. ഒരു കറുത്ത കാർ പാഞ്ഞുപോയി. മുളങ്കാവെത്തുന്നതിനു മുമ്പ് പാറക്കൂട്ടങ്ങളാണ്. അവിടെ നിന്ന് ഉറക്കെ ചിരിച്ചാൽ പ്രതിധ്വനി കേൾക്കാം. ഉറക്കെ അമ്മേ എന്ന് വിളിക്കാനാണ് തോന്നിയത്. വിളിച്ചപ്പോൾ ആരോ മറുപടി നൽകിയപോലെ. അച്ഛൻ പറഞ്ഞു."അമ്മയായിരിക്കും". മുളങ്കാവിലെത്തിയപ്പോൾ അച്ഛൻ വീണ്ടും പറഞ്ഞു:"നനവൂറുന്ന ഓർമ്മകളിൽ തെളിയുന്ന അമ്മയുടെ കഥ." പാലം കടക്കുമ്പോൾ അച്ഛന്റെ കാലിലെന്തോ തടഞ്ഞു. ധാരയായി, ചുവന്ന്,ഒഴുകാൻ തുടങ്ങി. ഒടുവിൽ നിറം കറുപ്പായി. അവളാകെ പരിഭ്രമിച്ചു. അച്ഛന് ചലനമില്ല. വിളിക്ക് മറുപടിയില്ല. ഒരിക്കൽ കൂടി അവളുടെ ഉള്ളിലൂടെയാ കറുത്ത കാർ പാഞ്ഞുപോയി. കറുത്തിരുണ്ട മഴയും ഒപ്പം. ക്രൗരഭാവത്തോടെ മഴമുഖം. വീട്ടിലാളുകൾ കൂടി. ചിതയൊരുക്കാൻ നേരമായി. പലർക്കും സങ്കടമല്ല, സഹതാപമാണ് അവളോട്, " അവൾക്കിനിയാരാണുള്ളത് " "അവളെങ്ങനെയാ ഒറ്റയ്ക്ക് "....എല്ലാവരുടെ മുഖത്തും സഹതാപം നിറഞ്ഞ ചോദ്യങ്ങൾ . എനിക്ക് പറയണമെന്നുണ്ടായിരുന്നു. അടക്കിയത് ശരീരമാണ്. ആത്മാവല്ല, എന്നെവിട്ടു പോകുന്നവർക്ക് കഴിയില്ല എന്ന്.

നനവിൽ മധുരമൂറുന്ന ഓർമ്മകൾ ബാക്കി പത്രമായി ഏൽപ്പിച്ചിട്ടുണ്ടെന്ന് അവളോർത്തു:" നനവൂറുന്ന ഓർമ്മകൾ മണ്ണിൽ ബാക്കിയാകാതെ താലോലിക്കാൻ താൻ ജീവിക്കണം. നനവൂറുന്ന ഓർമ്മകളിലെ കരുത്തും ബലവുമെടുത്ത് താനിനിയാഓർമ്മകളിലേക്ക് തന്നെ മറം മാടണം. ആൾക്കൂട്ടത്തിനിടയിൽ തന്നെ നോക്കി, പ്രതീക്ഷയോടെ ഒരു മുഖം. സംഗീത ടീച്ചർ.... അച്ഛന്റെ ചിതയെരിഞ്ഞ, ആളൊഴിഞ്ഞ ആ വീട്ടിൽ ടീച്ചർ പടിയിറങ്ങാൻനേരം അവളൊന്നു വിളിച്ചു "അമ്മ പോവ്വാ.."ടീച്ചർ ചോദിച്ചു:"പോരുന്നോ എന്റെ കൂടെ".



# AUGUSTA ADA BYRON (Computer Programmer)

Manu K,9A

Lady Byron discouraged her daughter, Augusta Ada (1815-1852) from becoming a poet like her renegade father,
Lord Byron, and made sure she learned mathematics and science. The young woman became interested in the inventions of Charles Babbage, not fully appreciated by his contemporaries Ada Byron understood that Babbages Analytical Engine- a steam -driven mill programmed by punch cards, able to do arithmetic-could go beyond mere mechanics by mimic thought. She wrote proposals for and predictions of the machines capabilities, including a description of how it might calculate Bernoulli numbers. For this, Ada (who marraying became the Countess of Love Lace) is known as the first computer programmer.

# മൊബൈൽ ഫോൺ കേരളത്തിൽ

Ajaynath M 9 Attention:

1996 സെപ്തംബർ 17 നാണ് കേരളത്തിൽ ആദ്യത്തെ മൊബൈൽ സർവ്വിസ് ആരംഭിച്ചത്. എറണാകുളം അവന്യൂ റിജലന്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ സാഹിത്യക്കാരൻ തകഴി ശിവശങ്കരപ്പിള്ളയും വൈസ് അഡ്മിറൽ എം.ആർ.ടണ്ഡനം മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടായിരുന്ന ഉത്ദ്ഘാടനം. എസ്കോടെൽ സെല്ലുലാർ സർവ്വീസായിരുന്ന കേരളത്തിലെ ആദ്യത്തെ സേവനദാതാക്കൾ. തൊട്ടുപിന്നാലെ ബിപിഎൽ മൊബൈൽ സേവനമായെത്തി. പിന്നീട് എസ്കോട്ടലിനെ ഐഡിയ സെല്ലുലാർ ഏറ്റെടുത്തു. ബിപിഎലിനെ ഹച്ചും അതിനെ പിന്നീട് വോഡഫോണും ഏറ്റെടുത്തു. ഇക്കാലത്ത് പുറത്തേക്ക് വിളിക്കാൻ ചിലവ് മിനിറ്റിന് 16 രൂപയായിരുന്ന. 2002 ൽ ബി എസ് എൻ എലും മൊബൈൽ സേവനവുമായി കേരളത്തിലെത്തി. ഇൻകമിങ് കോളുൾക്ക് എട്ടു രൂപയെങ്കിലും കൊടുക്കണമായിരുന്ന. 2003 ൽ ഇൻകമിങ് മുഴുവൻ സൗജന്യമായതോടെ കേരളത്തിൽ മൊബൈൽ ഫോൺ വിപ്ലവത്തിന് അരങ്ങൊരുക്കി. നിലവിൽ 3.32 കോടി മൊബൈൽ കളക്ഷൻ സംസ്ഥാനത്തുണ്ടായിരുന്ന.

# മഴതൻ മൗനം

*SreelakshmiRajuVK10c*

അടരുന്ന വാക്കുകളിൽ പടരുന്ന വഴികളിൽ
കുളിർമ്മതൻ നറുമണം ളുകീടുന്നു.....
മൺപാത തേടി നീ അലയുന്ന വേളകളിൽ
പുതുസ്പർശമെങ്ങുമെ പുൽകിടുന്നു....
ഇലനാമ്പുകരിനാമ്പുമായ് സദാറിയീ
മറുഭ്രമി കപടമായ് വിങ്ങിനിൽപ്പൂ......
ഒരു മറ നിഴൽമറ ചാലിച്ചിവരെത്ര നാളായ്
മാറിൽ പതുങ്ങി നിൽപ്പൂ.......
കനൽ വഴി പാദകൾ ഇടറുന്ന നേരത്ത്
മിഴികളിൽ നിറയുന്നു ജ്വാലമാത്രം
മരവിപ്പുമായി സർവ്വം കഴിവതാ ഭ്രമിയിൽ
മണ്ണിൽ മനസ്സിതോ കവർന്നതോ മാനവർ
തൻ സിരകളിലൊരുനാമ്പു മുളയ്ക്കുവാൻ
കണ്ണിതോല ജന്മഭ്രമിയും തലതാഴ്ത്തി വിങ്ങീടുന്നൂ
മഴതൻ മൗനമോ വർഷമേഘസന്തുഷ്ടമോ
ഇരുൾമൂടി പാദതൻ മാറവിയായി.....
വെടിയില്ലയീ നിനവും വരും ജന്മത്തിലെങ്കിലും
ജന്മഭ്രമി നിൻ ഉത്കർഷം കാണിടുവാൻ....!

# സൈബർ സുരക്ഷ

*Muhammed Mishal K.P.*

ആധുനിക ലോകത്ത് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ഇന്റർനെറ്റിന്റെ ഉപയോഗം. ലോകത്തിന്റെ ഏത് കോണിൽ നടക്കുന്ന കാര്യത്തെയും നമുക്ക് ഇതിലൂടെ അറിയാൻ സാധിക്കും. പഠനാവിശ്യത്തിനും മറ്റുള്ളവരുമായി ബന്ധപ്പെടാനും ഇതിനെ നാം ഉപയോഗിക്കുന്നു. വളരെയധികം ഉപകാരപ്രതമായ ഇത് നമുക്കു അത്ര തന്നെ ദോഷകരമായി ഭവിക്കുകയും ചെയ്യാം. നമ്മുടെ സ്വകാര്യകാര്യങ്ങൾ നാം ഫോണിലും മറ്റും സൂക്ഷിച്ചുവയ്ക്കാറുണ്ട്. കമ്പ്യൂട്ടർ വിധക്തർ ഇന്റർനെറ്റിന്റെ സഹായത്തോടെ ഈ സ്വകാര്യ വിവരങ്ങൾ ചോർത്തിയെടുക്കാറുണ്ട്. സോഷ്യൽ മീഡിയയിലൂടെ വ്യാജ പേരുകളിൽ പലരെയും പറ്റിച്ചു ആളുകൾ പണം തട്ടിയെടുക്കാറുണ്ട്. ഇന്റർനെറ്റിൽ കാണുന്ന പല നഗ്നനചിത്രങ്ങളും കാർട്ടൂണുകളും നമ്മുടെ ബുദ്ധിയുടെ വികാസത്തെ തടയുകയും നാം അതിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു. ഇന്റർനെറ്റ് എത്രമാത്രം ഉപകാരിയാണെന്നും അപകടകാരിയാണെന്നും ഇതിലൂടെ നമുക്ക് മനസിലാക്കാൻ സാധിക്കും. അതുകൊണ്ട് ഇന്റർനെറ്റ് സൂക്ഷിച്ച് ഉപയോഗിച്ചാൽ അത് നമ്മുടെ നാശത്തിനു കാരണമായേക്കാം. അതിനാൽ ഇവയിൽ നിന്നും സുരക്ഷ നേടുന്നതിന് നാം ചില സുരക്ഷാമാർഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്.

## സുരക്ഷിതമായി സോഷ്യൽ നെറ്റ്‌വർക്കിംഗിനുള്ള നിർദ്ദേശങ്ങൾ

- നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ വ്യക്തിപരമായി സൂക്ഷിക്കുക.
- നിങ്ങളുടെ ചെയ്യുക. മറ്റുള്ളവർക്ക് നിങ്ങളുടെ മാത്രം കാണാൻ അവസരം നൽകുക.
- നിങ്ങളുടെ സുഹൃത്തുക്കളെ അറിയുക എന്നതിൽ മാത്രം പുരുങ്ങുക. ഓൺലൈൻ സുഹൃത്തുക്കളെ വിശ്വസിക്കരുത്. സന്ദർശനം മാത്രമായി ചുരുങ്ങുക.
- നിങ്ങൾക്ക് ഇഷ്ടമില്ലാത്ത പോസ്റ്റുകൾ കാണാൻ അത്തരം പോസ്റ്റുകൾ ലഭിക്കുന്നതിനുള്ള അതൃപ്തി നിങ്ങളുടെ സുഹൃത്തിനോട് തുറന്നു പറയുക.
- നിങ്ങളെ തിരിച്ചറിയാൻ കഴിയും വിധത്തിലുള്ള പോസ്റ്റ് ചെയ്യാതിരിക്കുക.
- ശക്തിയുള്ള പാസ്‌വേഡുകൾ ഉപയോഗിക്കുക അവ നിങ്ങളുടെ സുഹൃത്തുക്കൾക്ക് ഷെയർ ചെയാതിരിക്കുക.
- നിങ്ങളുടെ സ്വകാര്യ നിർദ്ദേശങ്ങൾ സ്വകാര്യമായി വയ്ക്കുക. ഒരിക്കൽ പോസ്റ്റ് ചെയ്താൽ അത് പ്രസിദ്ധമാകും

# VINTON CERF AND ROBERT KHAN
## (Internet Inventors)

Manu K 9A

As a student at ULCA in the 1960s Vinton Cerf (b.1943) employed the concept of packet switching to create the communication system for ARPANET, allowing Government and university research computers away to talk to each other. In the early 1970s, electrical engineer Robert Khan (b.1938) recruited Cerf to further government work at the information Techniques Program office, where Khan was working what was conceived of as a "Network of Networks". Together, they laid the foundation for the internet, creating the TCP/IP that helped ensure packets of information were properly disassembled and reassembled in the correct location. Cerf in particular pushed for public access to the internet, helping MCI develop the first commercial e-mail service and working with non-profits involved with information and internet policy.

# കർണ്ണാടകയിലേക്കുള്ള എന്റെ ആദ്യത്തെ യാത്ര........

Athulya V.K 10 C

അരളിചെടികൾക്കിടയിലൂടെ മൂകാംബികാ ദേവിയെ കാണാനായി കർണ്ണാടകയിലേക്ക് ഞങ്ങൾ യാത്രയായി. ആയിരകണക്കിന് വാഹനങ്ങക്കിടയിലൂടെയും വയലരികിലൂടെയും ഞങ്ങൾ കാറിൽ യാത്രതുടർന്നു. ജനലരികിൽ ഞാൻ ഇരുപ്പുറപ്പിച്ചെങ്കിലും അച്ഛച്ചന്റെ മടിയിലായിരുന്നു. ഇളം കാറ്റിന്റെ തലോടലിൽ കണ്ണുകൾ മെല്ലെ അടഞ്ഞെങ്കിലും ഞാൻ വളരെ ആവേശഭരിയായിരുന്നു. തുടർന്ന് വരുന്ന വഴികളിലേയും കാഴ്ചകൾ വ്യത്യസ്ത മായിരുന്നു. വയലരികിൽ നെറ്റിയിൽ കുങ്കുമം തൊട്ടതുപോലെയുള്ള കാക്കപ്പൂക്കൾ, പച്ച വിരിച്ച നെൽപ്പാടം, കതിർ കൊത്തിപറക്കുന്ന പച്ച തത്തകൾ, ചൂണ്ടയുമായി നിൽക്കുന്ന കൊക്കിൻ കൂട്ടങ്ങൾ. ഹാ.....എന്തുഭംഗി എന്നു പറഞ്ഞുപോയി. എന്റെയും അച്ഛച്ചന്റെയും സംസാരം കാരണം ഞങ്ങൾ കർണ്ണാടകയിൽ എത്തിയതുപോലും അറിഞ്ഞില്ല. ഭക്ഷണത്തിനുവേണ്ടി കൊതിക്കുന്ന വയറുകൾക്ക് ആഹാരം നൽകി. പിന്നെ വിശ്രമിക്കാൻ മുറിയെടുത്തെങ്കിലും സമയം പോയതറിഞ്ഞില്ല.

പുലർച്ചെ,

"കൗസല്ല്യ സുപ്രജ രാമപൂർവ്വ സന്ധ്യ പ്രവർത്തതേ"

എന്ന പാട്ടു കേട്ടുണർന്നു. കുളിച്ച്, പ്രഭാതഭക്ഷണം കഴിച്ച് ഞങ്ങൾ റോഡരികിലൂടെ നടന്നു. കളിപ്പാട്ടങ്ങൾ, ആഭരണങ്ങൾ എന്നിവ കണ്ടു ഞാൻ രസിച്ചിരിക്കെ മൂകാംബിക ദേവിയുടെ ഒരു കഥ അച്ഛച്ചൻ പറഞ്ഞു തന്നു.

കേരളത്തിലേക്ക് ദേവി വരുമ്പോൾ ശങ്കരാചാര്യരോട് ഒരു കാര്യം പറഞ്ഞു. താൻ എപ്പോൾ തിരിഞ്ഞുനോക്കുന്നു അവിടെ ഞാൻ അപ്പോൾ യാത്ര അവസാനിപ്പിക്കും. അങ്ങനെ ദേവി സൗപർണ്ണികയിൽ കാലു കഴുകിയിരിക്കെ കാലിലെ കൊല്ലുസ്

അഴിച്ചുമാറ്റി. അന്നു ദൂരെ എത്തിയ ശങ്കരാചാര്യർ തിരിഞ്ഞു നോക്കിയപ്പോൾ ദേവി കൊല്ലൂരിൽ യാത്ര അവസാനിപ്പിച്ചു. ഇതെല്ലാം കേട്ടപ്പോൾ വളരെ ആവേശമായി ഞാൻ വേഗം നടന്നു. അങ്ങനെ ഞങ്ങൾ ദേവിയുടെ അരികിലെത്തി. സങ്കടങ്ങളും സന്തോഷങ്ങളും എല്ലാം പറഞ്ഞു ഞങ്ങൾ ആ തിരക്കിലൂടെ ദേവിയെ കണ്ടു. ഞാൻ അച്ഛന്റെ തോളിലായിരുന്നതിനാൽ എനിക്ക് തിരക്കൊന്നും അനുഭവപ്പെട്ടില്ല. സ്വർണം കൊണ്ടുപൂശിയ രഥം കണ്ടപ്പോൾ അത്ഭുതം തോന്നി. പിന്നെ കുടജാദ്രി എന്ന മലമുകളിൽ ചെന്നപ്പോൾ പലതരം കിളിനാദങ്ങൾ അവ്യക്തമായി അന്തരീക്ഷത്തിലലിഞ്ഞു. പ്രകൃതി, ഞങ്ങളെ വശീകരിച്ചുകൊണ്ടിരിക്കുന്നു. പിന്നെ കാഴ്ചകളുടെ ലോകത്ത് നിന്ന് ഞങ്ങൾ യാത്രയായി. ഇനിയും ദേവിയെ കാണമെന്ന ആഗ്രഹത്തോട്കൂടി ഞങ്ങൾ പറശ്ശിനിക്കാടവിലെ മുത്തപ്പനെ കാണാൻ പോയി. അവിടെ നിന്ന് ഞങ്ങൾ വേഗം തന്നെ പുറപ്പെട്ടു. പക്ഷേ ഞങ്ങൾ കാണാൻ കൊതിച്ചത് വിസ്മയ പാർക്കാണെങ്കിലും അവിടെ നിന്ന് കാറിന്റെ വേഗതകൂടി അങ്ങനെ ഇരുട്ടിനുമുമ്പ് വീട്ടിലെത്തണമെന്നും അച്ഛച്ചൻ പറഞ്ഞു. വീട്ടിലെത്തി. അങ്ങനെ പിറ്റേന്ന് ഡോക്ടറെ കാണിച്ചു. പക്ഷ സഹിക്കാൻ കഴിയാത്ത വേദനയിൽ പിടഞ്ഞുകൊണ്ടിരുന്ന അച്ചൻ ആഴ്ചകൾക്കകം ഞങ്ങളുടെ കുടുംബത്തിൽ നിന്ന് യാത്രയായി. ഒരിക്കലും മറക്കാത്ത ഈ കർണ്ണാടക യാത്ര ഞങ്ങളെ ഒറ്റപ്പെടലിലേയ്ക്കയച്ചു. കഥകളുടെ ഈ രാജകുമാരൻ ആരും കാണാതെ ഒരിക്കലും മടങ്ങിവരാൻ കഴിയാതെ അങ്ങ് ദൂരെ യാത്രയായി.

.............................................................

# പ്രൊജക്ട് റിപ്പോർട്ട്

Aadhil M.K

" അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഇടയിൽ റോഡ് സുരക്ഷാ ക്രമങ്ങളെക്കുറിച്ചുള്ള അവബോധം "

---

## ആമുഖം

- ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചുനോക്കുമ്പോൾ നമ്മുടെ കേരളം വളരെ വിഭിന്നമാണ്.
- സാക്ഷരത, സ്ത്രീ വിദ്യാഭ്യാസം, താഴ്ന്ന ശിശു മരണനിരക്ക് എന്നീ വിഷയങ്ങളിൽ നമ്മുടെ കേരളം വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്നു.

എന്നാൽ ഇത്തരത്തിലുള്ള പുരോഗതിക്കൊപ്പം തന്നെ മറ്റു ചില അപകടമേഖലകളിലും കേരളം ഈയിടെയായി മുന്നേറിക്കൊണ്ടിരിക്കുകയാണ്.

അതിനൊരുദാഹരണമാണ്, വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും അതേത്തുടർന്നുള്ള മരണ നിരക്കുകളും.

---

(News paper cuttings -photo from youtube or google)

---

അനുദിനം റോഡപകടമരണങ്ങളെക്കുറിച്ചുള്ള വാർത്തകൾ നമ്മൾ പത്രമാധ്യമങ്ങളിലൂടെ അറിയുന്നു.

സൈക്കിൾ യാത്രികർ, കുട്ടികൾ, മുതിർന്നവർ എന്നിവരൊക്കെത്തന്നെ ഈ വർദ്ധിച്ചുവരുന്ന റോഡപകടമരണങ്ങൾക്ക് ഇരകളാകുന്നു. അതേ പോലെത്തന്നെ സ്കൂൾ കുട്ടികളടക്കമുള്ള കാൽനടക്കാരും ദിനംപ്രതി റോഡപകടങ്ങളിൽ പെടുന്നുണ്ട്. സൈക്കിളപകടങ്ങൾ 12 വയസ്സിന് താഴെയുള്ള കുട്ടികളിലാണ് അധികവും കാണപ്പെടുന്നത്.

---

## ചില സ്ഥിതിവിവരക്കണക്കുകൾ

ഇന്ത്യയിലെ കണക്കുകൾ പരിശോധിക്കുമ്പോൾ,

- ഓരോ 4 മിനുട്ടിലും ഒരു മരണം റോഡപകടങ്ങളിലൂടെ നടക്കുന്നു.
- ഇരുചക്രവാഹനം ഓടിക്കുന്നവരിൽ 25% വും ദിവസവും മരിക്കുന്നു.
- 14 വയസ്സിനു താഴെയുള്ള 20 കുട്ടികൾ ഓരോ ദിവസവും മരിക്കുന്നുണ്ട്.
- ചുരുക്കിപ്പറഞ്ഞാൽ കണക്കുകൾ കാണിക്കുന്നത് ഇന്ത്യയിലാകമാനം 1214 റോഡപകടങ്ങൾ നടക്കുന്നുണ്ടെന്നാണ്.

## ഈ പ്രൊജക്ടിന്റെ ആവശ്യകത

നമ്മുടെ രാജ്യത്ത് വളരെ കൃത്യവും കർക്കശവുമായ റോഡ് ട്രാഫിക് നിയമങ്ങൾ നിലനിൽക്കുന്നുണ്ട്. മുതിർന്നവരും കുട്ടികളും എല്ലാം ഈ റോഡ് സുരക്ഷാ ക്രമങ്ങളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

---

ഞാൻ ആമുഖത്തിൽ സൂചിപ്പിച്ചപോലെ നമ്മുടെ നാട്ടിൽ സ്കൂൾ കുട്ടികളുടെ ഇടയിൽ കണ്ടുവരുന്ന റോഡപകടങ്ങൾ എന്തുകൊണ്ടാണ് വർദ്ധിച്ചുവരുന്നത് **???**

- പല കുട്ടികളും യു.പി. സ്കൂളിലേക്ക് പ്രവേശിക്കുന്നതിനോടൊപ്പം സ്വതന്ത്രമായി മുതിർന്നവർ കൂടെയില്ലാതെ തന്നെ യാത്ര ചെയ്യാൻ തുടങ്ങുന്നു. എന്നാൽ റോഡ് സുരക്ഷാ ക്രമങ്ങളെക്കുറിച്ച് ഈ കുട്ടികൾക്ക് കൃത്യമായ അറിവുണ്ടോ എന്ന് പലപ്പോഴും മാതാപിതാക്കളോ മറ്റുള്ളവരോ ചിന്തിക്കാറില്ലെന്നുള്ളതാണ് സത്യം.

---

റോഡ് സുരക്ഷാ നിയമങ്ങൾ വളരെ ചെറിയ വയസ്സിൽത്തന്നെ പഠിക്കേണ്ടത് അത്യാവശ്യമാണ്. കുട്ടികളും മുതിർന്നവരും അൽപ്പം ശ്രദ്ധ പുലർത്തിയാൽ കുട്ടികൾ അപകടങ്ങളിൽപെടുന്ന സംഭവങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാം.

---

ഒരു സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്ന നിലയിൽ ചിന്തിച്ചപ്പോൾ ഈയൊരു വിഷയത്തിൽ ഒരു ചെറിയ പ്രൊജക്ട് ചെയ്യേണ്ടത് ഒരു വലിയ ആവശ്യമായി എനിക്ക് അനുഭവപ്പെട്ടു.

---

## ലക്ഷ്യം

അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥി ഇടയിൽ റോഡ് സുരക്ഷയെപ്പറ്റിയുള്ള അറിവ് പരിശോധിക്കാനും, അതിനെത്തുടർന്ന് അവർക്ക് ഈ വിഷയത്തിൽ ഒരു ക്ലാസ്സ് കൊടുക്കുകയെന്നുമുള്ളതായിരുന്നു ഈ പ്രൊജക്ടിന്റെ ലക്ഷ്യം.

## പങ്കെടുത്തവർ

അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന പത്ത് കുട്ടികൾ (അഞ്ച് ആൺകുട്ടികളും അഞ്ച് പെൺകുട്ടികളും). ഇവർ അഞ്ചാം ക്ലാസ്സ് വിവിധ ഡിവിഷനുകളിലെ ജാഗ്രതാ മന്ത്രിമാരായിരുന്നു.

## പ്രൊജക്ട് ചോദ്യാവലി

ട്രാഫിക് പോലീസുമായി നടത്തിയ ചർച്ചയിലൂടെ, റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള അറിവ് പരിശോധിക്കുന്നതിനായി തയ്യാറാക്കിയ ചോദ്യാവലി. ഈ ചോദ്യാവലിയിൽ 15 ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.
(ശരിയുത്തരം അടക്കം 4 ഓപ്ഷൻ കൊടുത്തു. ശരിയുത്തരത്തിന് 1 മാർക്ക് നൽകി.)

**പ്രൊജക്ട് ചെയ്ത വിധം**

ആദ്യമായി പ്രൊജക്ട് ചെയ്യുവാനുള്ള അനുവാദം സ്കൂൾ ഹെഡ് മിസ്ട്രസ്സിൽ നിന്നും ക്ലാസ് ടീച്ചറിൽ നിന്നും നേടി. തുടർന്ന് അഞ്ചാം ക്ലാസ്സ് വിവിധ ഡിവിഷനുകളിലെ ക്ലാസ്സ് ടീച്ചറോട് പ്രൊജക്ടിനെക്കുറിച്ച് സംസാരിച്ച്, കുട്ടികളെ അവരുടെ ഫ്രീ പിരീയഡിൽ വിട്ടുതരാൻ അനുവാദം വാങ്ങി.

ഒക്ടോബർ 24 , 25 തീയ്യതികളിലായി അഞ്ചാം ക്ലാസ്സിലെ തിരഞ്ഞെടുത്ത പത്ത് കുട്ടികൾക്ക് റോഡ് സുരക്ഷാ ക്രമങ്ങളെക്കുറിച്ചുള്ള അറിവ് പരിശോധിക്കുന്നതിനായി തയ്യാറാക്കിയ ചോദ്യാവലി കൊടുത്തു. ശരിയുത്തരം അടക്കം 4 ഓപ്ഷനുകളുള്ള 15 ചോദ്യങ്ങൾക്ക് അവർക്ക് ശരിയാണെന്ന് തോന്നുന്ന ഓപ്ഷനു നേരെ ശരി അടയാളം രേഖപ്പെടുത്താനുള്ള നിർദ്ദേശം നൽകി. 30 മിനുട്ടിന് ശേഷം ചോദ്യാവലി തിരിച്ചുവാങ്ങി.

പിറ്റേ ദിവസം ഇതേ കുട്ടികളുള്ള അവരുടെ സ്കോർ വിവരങ്ങൾ അറിയിക്കുകയും, അവർക്ക് ഈ വിഷയത്തിൽ ഒരു ചെറിയ ക്ലാസ്സ് കൊടുക്കുകയും ചെയ്തു.

ക്ലാസ്സിൽ എല്ലാ ചോദ്യങ്ങളുടെ ശരിയുത്തരങ്ങളെക്കുറിച്ചും ചർച്ച ചെയ്തിരുന്നു. കൂടാതെ, ട്രാഫിക് പോലീസിൽനിന്നും ലഭിച്ച വിലയേറിയ നിർദ്ദേശങ്ങളും കുട്ടികൾക്ക് പകർന്നു നൽകി. ഒരു പോസ്റ്റർ പ്രദർശനവും ഇതോടൊപ്പം നടത്തുകയുണ്ടായി. കുട്ടികളെല്ലാം തന്നെ വളരെ ഉത്സാഹത്തോടെയാണ് പ്രൊജക്ടിൽ പങ്കെടുത്തത്.

---

**പഠനഫലം**

പ്രൊജക്ടിൽ പങ്കെടുത്ത കുട്ടികളിൽ മിക്കവർക്കും റോഡ് സുരക്ഷാ ക്രമങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല. 15 ചോദ്യങ്ങളിൽ ആർക്കും തന്നെ മുഴുവൻ മാർക്കും ലഭിച്ചില്ല. ഇവരുടെ ശരാശരി മാർക്ക് 7 ആയിരുന്നു.

---

**ഉപസംഹാരം**

ഇൻഫർമേഷൻ ടെക്നോളജിയുടെ വിവിധ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ ചെറിയ പ്രൊജക്ട് ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. റോഡ് സുരക്ഷാ ക്രമങ്ങളെക്കുറിച്ച് ചെറിയ കുട്ടികളെ പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയും, അതിന് മറ്റുള്ളവരെക്കൂടെ പ്രേരിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും എനിക്ക് പൂർണ്ണബോധ്യം ഉണ്ടായി. മാത്രമല്ല, എന്റെ ജൂനിയർ സ്റ്റുഡന്റ്സിനെ പഠിപ്പിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷവും തോന്നി.

ഈ പ്രൊജക്ട് ചെയ്യാൻ എനിക്ക് അനുവാദം തരുകയും അതിനു വേണ്ട സഹായ സഹകരണങ്ങൾ ചെയ്തുതന്ന എല്ലാവർക്കും നന്ദി അറിയിക്കുന്നു.

---

**അവലംബം** Road Safety – A Public Health Issue . Author: Rajesh V.K.



Megha P - 10E



Rithunanda P P - 7C


# നവകേരളം സൃഷ്ടിക്കാം

കേരളം എന്ന് കേൾക്കുമ്പോൾ തന്നെ നമുക്ക് പ്രകൃതി ഭംഗിയെക്കുറിച്ചുള്ള ഓർമ്മയാണ് നൽകുന്നത്. എന്നാൽ കുറച്ച് മാസങ്ങൾക്കുമുമ്പ് കേരളത്തിന്റെ ദയനീയ അവസ്ഥകാണാൻ നാം ഞെട്ടിത്തരിച്ച് പോകുന്നു. ഇത്രയും വലിയൊരു ദുരന്തം നാം അഭീമുഖിരിച്ചിട്ടില്ല. ആളുകളുടെ ദയനീയ അവസ്ഥകണ്ട് വിഷമിച്ച് പോകുന്നു. ഏതൊരു രാജ്യത്തോ സംസ്ഥാനത്തോ ചെന്നാൽ മുൻപെക്കെ എന്തയോ ആളുകൾ കേരളത്തെക്കുറിച്ച് പുകഴ്ത്തുമായിരുന്നു.വളരെ സുന്ദരമായ ഒരു നാടാണ് കേരളം. കുന്നുകൾ നിറഞ്ഞുനിൽക്കുന്ന വിശാലമായ വയലേലകളും, എവിടെ തിരഞ്ഞുനോക്കിയാലും വൃക്ഷങ്ങളും, പക്ഷികളും, മൃഗങ്ങളും, സുഗന്ധം പരത്തുന്നതും പലവർണങ്ങളിലും തല ഉയർത്തി നിൽക്കുന്ന പൂക്കളും എല്ലാം കൊണ്ടും നിറഞ്ഞുനിൽക്കുകയാണ് കേരളം. ഇക്കാലത്ത് കേരളത്തിന്റെ അവസ്ഥ.......ഹൊ ആലോചിക്കാൻ പോലും പറ്റുന്നില്ല. വയലുകൾ നികത്തി, കുന്നുകൾ ഇടിച്ച്, വൃക്ഷങ്ങൾ വെട്ടിമുറിച്ച്, ജലാശയങ്ങൾ മലിനമാക്കും അങ്ങനെ എന്തെല്ലാം ദ്രോഹങ്ങളാണ് നാം പ്രകൃതിക്കുമേൽ ഏൽപ്പിക്കുന്നത്. ഓരോ തെറ്റ് ചെയ്യുമ്പോഴും നമ്മുടെ അമ്മയെപ്പോലെ ക്ഷമിക്കുകയാണ് പ്രകൃതി. കുട്ടികൾ എന്തുചെയ്താലും അമ്മമാർ ക്ഷമിക്കും. അതുപോലെയാണ് പ്രകൃതിയും. പ്രകൃതിയെ അമ്മയെപ്പോലെയാണ് നാം കാണേണ്ടത്. നമ്മുടെ മാതാപിതാക്കൾ നമുക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിതരുന്നു. അതുപോലെയാണ് പ്രകൃതി ഒരു മനുഷ്യന് ആവശ്യമുള്ളതെല്ലാം പ്രകൃതിയിൽ നിന്ന് ലഭിക്കും. അത് നമ്മൾ തന്നെയാണ് നിഷേധിക്കുന്നത്. ആദ്യമൊക്കെ പ്രകൃതി നമ്മോട് ക്ഷമിച്ചിരിക്കുന്നു. എന്നാൽ അതിനെ ഉപദ്രവിച്ച് ഒരു പരിധിയിലെത്തിയപ്പോൾ ആ പ്രകൃതിക്ക് താങ്ങാൻ പറ്റിയില്ല. ആതാണ് നാം മുന്നേക്കണ്ട പ്രളയം. എത്ര എത്ര ആളുകൾ അതിൽ മരണമടിഞ്ഞു. വീടുകൾ നഷ്ടപ്പെട്ടു. പ്രകൃതി കോപം കൊണ്ട് ജ്വലിച്ച് നിൽക്കുകയാണ്. നമുക്കൊരു മുന്നാറിപ്പാണ് പ്രളയം.

ഇനി മുതലെങ്കിലും നമുക്ക് പ്രകൃതിയെ സ്നേഹിച്ചു തുടങ്ങാം. ഇതുപ്പോലൊരു പ്രളയം വന്നത് ഞാൻ ഇതുവരെയായിട്ടും കേട്ടില്ല. എന്നാൽ ഈ പ്രളയത്തിൽ വന്ന നാഷനഷ്ടങ്ങൾ വളരെ വലുതാണ്. കെട്ടിപ്പടുത്തുണ്ടാക്കിയ എല്ലാം നഷ്ട്ടപ്പെട്ടു. ജനങ്ങൾ സങ്കടത്തിലായിരുന്നു. എങ്കിലും ഇതൊക്കെ ഉണ്ടായിട്ടും നാം അതിനെയൊക്കെ മറിക്കടക്കുന്നു. എല്ലാവരും ഒരുപ്പോലെ നമ്മെ സഹായിച്ചു. മറ്റു സംസ്ഥാനക്കാരും, മറ്റു രാജ്യക്കാരും നമ്മെ ഒട്ടേറെ സഹായിച്ചു. എല്ലാവർക്കും ഞാൻ നന്ദി അറിയിക്കുന്നു. നവകേരളം സൃഷ്ടിക്കാനാണ് നാം ഓരോരുത്തരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പല പല രീതീകളിലൂടെയാണ് പണം സ്വരുപിക്കുന്നു. ഇനിയെങ്കിലും പ്രകൃതിയെ വേദനിപ്പിക്കാതിരിക്കുക. എല്ലാവരേയും സ്നേഹിക്കുക.

---

# കുറുക്കനെ പറ്റിയ പറ്റ്




പണ്ട് പണ്ട് ഒരു കാട്ടിൽ ബുദ്ധിമാനെന്ന് താൻ കരുതുന്ന ഒരു കുറുക്കൻ ഉണ്ടായിരുന്നു. ഒരു ദിവസം ആ കുറുക്കൻ ഭക്ഷണം ഒന്നും കിട്ടാതെ വിശന്ന് വലഞ്ഞ് നടക്കുകയായിരുന്നു. എത്ര അന്വേഷിച്ചിട്ടും കുറുക്കന് ഭക്ഷണം ഒന്നും കിട്ടിയില്ല. അങ്ങനെ അവൻ ഭക്ഷണത്തിനായി കാട് വിട്ട് ഗ്രാമങ്ങളിലേയ്ക്ക് യാത്രയായി. നടന്ന് നടന്ന് കുറുക്കൻ ഗ്രാമത്തിലെത്തി. കുറുക്കൻ അവിടെ നിന്ന് ചുറ്റും നോക്കി കണ്ടു.അപ്പോഴാണ് കുറുഉക്കന്റെ കണ്ണിൽ ഒരു കോഴിക്കൂട് കണ്ടു. കുറുക്കൻ കോഴിക്കൂടിന്റെ അടുത്തേയക്ക് ഓടിചാടിപോയി. കോഴിക്കൂടിന്റെ അരികിൽ യെത്തിയ കുറുക്കൻ സന്തോഷവാനായി.കോഴിക്കൂട്ടിൽ തടിച്ചുരുണ്ട ഒരു പൂവൻ കോഴി. പൂവൻ കോഴി. ഈ കോഴിയെ പിടിച്ച്കൊണ്ടുപോയി വേവിച്ച് കഴിക്കാം എന്നു കരുതി കോഴിയെ പിടിച്ച് ചാക്കിലാക്കി കുറുക്കൻ കാട്ടിലേയ്ക്ക് യാത്രയായി. താൻ ചുമക്കുന്ന കോഴിയുടെ ഭാരം തന്നെ ഏറെ ക്ഷീണ്തനാക്കി. യാത്രയ്ക്കിടയിൽ കുറുക്കൻ ഒരു വലിയ മരം കണ്ടു.. കോഴിയെ ചുമന്ന് ക്ഷീണിതനായതാൻ ഒന്നു വിശ്രമിക്കാം എന്ന് കരുതി കയ്യിൽ ഇരുന്ന ചാക്ക് നിലത്ത് വച്ച് കുറുക്കൻ മരച്ചുവട്ടിൽ വിശ്രമിച്ചു.. ഇതെല്ലാം കണ്ട് മരത്തിന്റെ മുകളിൽ ഇരിക്കുന്ന കുരങ്ങന് ഒരു സൂത്രം തോന്നി. മരത്തിൻ നിന്നും താഴേയ്ക്ക് ഇറങ്ങി ആ ചാക്ക് തുറന്നുനോക്കി. ചാക്ക് തുറന്നു നോക്കിയ കുരങ്ങൻ അത്ഭുതപ്പെട്ടു പോയി..ഒരു തടിച്ചുരുണ്ട പൂവൻ കോഴി..പെട്ടെന്നൊരു കുരങ്ങൻ ചാക്കിലെ കോഴിയെ പുറത്തുവിട്ട് ചാക്കിൽ ഭാരമുള്ള പാറക്കല്ല് എടുത്തിട്ടു. ക്ഷീണമെല്ലാം തീർത്ത് കുറുക്കൻ തന്റ ചാക്കുമായി യാത്രയായി.നടന്ന് നടന്ന് കുറക്കൻ ഗുഹയിൽ എത്തി. ഗുഹയിൽ എത്തിയപ്പോൾ കോഴിയെ തിന്നാനുള്ള കുറക്കന്റെ പൂതി ഇരട്ടിച്ചു. പെട്ടന്നു തന്നെ കുറുക്കൻ കേഴിയെ വേവിക്കാനുള്ള കലവും വിറകും എല്ലാം തയ്യാറാക്കി. ചാക്ക് തുറന്ന് കലത്തിലിട്ടു.. ഠോ..........ഭാരമുള്ള പാറക്കല്ല് വീണ് കലം ഉടഞ്ഞു. ഇതു കണ്ട കുറുക്കന് ദേഷ്യവും സങ്കടവും വന്നു. വിശപ്പടക്കാൻ സാധിക്കാത്തതിൽ കുറുക്കന് വിഷമമായി. തന്റെ ജീവൻ നിലനിർത്താൻ വേണ്ടി മറ്റൊരു ജീവൻ വലിയാടാക്കേണ്ടി വന്നതിൽ ദൈവത്തിന്റെ ശിക്ഷയായി അതു കണ്ടു. കുറുക്കന്റെ ഈ ഗുണപാഠം എല്ലാവർക്കും ഒരു പാഠമാകട്ടെ.

## IMPORTANCE OF COMMUNICATIVE COMPETENCE

Jeljith.c k

HST- English

Developing communicative Competence in children is really influential in the contemporary scenario. In this hyper documented world everything is easily accessible to children. In fact they are consciously or unconsciously knitted around a large and lengthiest web of knowledge. Immeasurable quantity of data alone can't make one fit for this swiftly gliding world. Even if you possess 1000 well written books of renowned writers across the world, you may not be able to be a'man of Wisdom' unless you share it with others. What is the point to say that I know everything under the sun but fail to express?In this crucial juncture it is important to think about the need of nurturing Communicative Competence among students.

Adept at using right word in the right order and communicate in clear and concise manner enables one to place himself/herself in the professionally and technologically advanced modern world . Twentieth century brought major shifts in almost every area. Communication also gone through major turns and became a vital part that mark personal as well as professional success. Among the 4 core skills, speaking skill plays a vital role that help one to express himself/herself more evidently and poignantly. Education system also underwent major turns that moved towards constructivist space where child will be able to express his/her ideas along with the teacher. Class room is the primary space where a learner can explore his/her potentials as well as weakness. If the teacher/ facilitator can intervene creatively the learner will be able to correct, improve, alter and develop communication skill. The learner should get enough exposure in attaining communication skill in order to compete with the world outside. If they provide systematic training to develop communication skill it will definitely equip them to achieve innumerable opportunities of the world.

# Little kites കുട്ടികളുടെ ബാഡ്ജ് വിതരണം









# നന്ദിയുടെ ഒരു വാക്ക്

ലിറ്റിൽ കൈറ്റ്സ് ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി.കൂട്ടായ്മയുടെ ഭാഗമായിഇങ്ങനെ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ഐ.സി.ടി. രംഗത്ത് ആഭിമുഖ്യം പ്രകടിപ്പിക്കുന്ന കുട്ടികളുടെ അഭിരുചിവളർത്തിയെടുക്കാനും ,മികവു പുലർത്തുവാനും It@school നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. വിവധ പരിശീലന പരിപാടികളിലൂടെയും , വിദഗ്ധരുടെ ക്ലാസ്സുകൾ വഴിയും വിവര സാങ്കേതിക വിദ്യയിലൂടെയും ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ കഴിവുകൾ വളർത്തിയെടുക്കാൻ സാധിക്കുന്നു. സെമിനാറുകൾ, ക്ലാസ്സുകൾ ,ക്യാമ്പുകൾ എന്നിവ വഴി ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.സി.ടി കൂട്ടയ്മയിൽ അംഗമാകാൻ സാധിച്ചതിൽ ഞങ്ങൾ കൃതാർത്ഥരാണ്. Savio.com എന്ന ഞങ്ങളുടെ മാഗസിൻ പുറത്തിറക്കാൻ സഹായിച്ച, ഹെഡ്മിസ്ട്രസ്സ് ശ്രീമതി. റെജീന ടീച്ചർനും , ഞങ്ങൾക്ക് വേണ്ട മാർഗ്ഗനിർദേശങ്ങളും പ്രോത്സാഹനങ്ങളും അതോടൊപ്പം സാങ്കേതിക വിദ്യയിൽ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്ത ഡെപ്യൂട്ടി.എച്ച്.എം.ടോജൻ സാറിനും, ഞങ്ങൾക്ക് വേണ്ട സഹായ സഹകരണം നല്കി ഇത് യാഥാർത്ഥ്യമാക്കാൻ സഹായിച്ച ശരത്ത് സാറിനും, പ്രോത്സാഹനം നൽകിയ ജോയി സാറിനും , മികവു തെളിയിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും നന്ദിയുടെ ഒരു വാക്ക് ഹൃദയത്തിൽ നിന്നും എഴുതി ചേർക്കുന്നു.

**നന്ദി.**

സ്നേഹപൂർവ്വം

സി.ഡെയ്സി മാത്യു & ശ്രീ.സാജു ജോസഫ്

കൈറ്റ് മിസ്ട്രസ്സ് & കൈറ്റ് മാസ്റ്റർ